പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1369.

08.02.2013 ൽ മറുപടിക്ക്

**ചേർത്തലയിൽ മത്സ്യബന്ധനത്തിന് മണ്ണെണ്ണ നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | മത്സ്യബന്ധനാവശ്യത്തിന് മത്സ്യ ത്തൊഴിലാളികൾക്ക് നല്കിയിരുന്ന മണ്ണെണ്ണ എന്തുകൊണ്ടാണ് ഇപ്പോൾ നല്കാത്തത് എന്ന് അറിയിക്കുമോ; മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ യ്ക്ക് നൽകിയിരുന്ന പെർമിറ്റ് ചേർത്തലയിൽ നല്കുന്നില്ലെന്നും ഇതുമൂലം മത്സ്യത്തൊഴിലാളികൾ വള്ളങ്ങൾ ഇറക്കാത്ത അവസ്ഥയാണ് ചേർത്തലയിലെന്നുമുള്ള കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മത്സ്യബന്ധന ആവശ്യത്തിനായി മത്സ്യ ത്തൊഴിലാളികൾക്ക് നല്കിയിരുന്ന മണ്ണെണ്ണ ഇപ്പോഴും നല്കുന്നുണ്ട്. 18.11.2012 ലെ സംയുക്ത പരിശോധന യുടെ അടിസ്ഥാനത്തിൽ പുതിയ പെർമിറ്റ് വിതരണം നടത്തുന്നതിന്, മണ്ണെണ്ണ വിതരണം മത്സ്യഫെഡിനെ ഏല്പിച്ച സാഹചര്യത്തിൽ, ഇതു സംബന്ധിച്ച തീരുമാനമാകുന്നതുവരെ നിലവിലുള്ള രീതിയിൽ നിലവിലുള്ള അളവിൽ മണ്ണെണ്ണ വിതരണം നടത്തണ മെന്ന് എല്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ മണ്ണെണ്ണ ലഭിക്കുന്നില്ലായെന്ന പരാതി ഒരിടത്തു നിന്നും ലഭിച്ചിട്ടില്ല, |
| (ബി) | മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ ഓപ്പൺ മാർക്കറ്റിൽ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ ; നടപ്പി ലാക്കിയെങ്കിൽ ചേർത്തല താലൂക്കിൽ എത്ര ലിറ്റർ മണ്ണെണ്ണ ഇപ്രകാരം നൽകി എന്ന് വ്യക്തമാക്കുമോ; ഇപ്ര കാരം നല്കുന്ന മണ്ണെണ്ണ സബ്സിഡി നിരക്കിലാണോ നല്കുന്നതെന്ന് അറി യിക്കുമോ ; ഏതെല്ലാം താലൂക്കിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭിച്ചു എന്ന് വ്യക്തമാക്കുമോ ? | (ബി) | ഇതു സംബന്ധിച്ച് ഭക്ഷ്യ പൊതു വിത രണ വകുപ്പിൽ നിന്നും പ്രഖ്യാപനങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.